# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 552: 06/03/2012- ൽ മറുപടിക്ക്

## ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

ചോദ്യം ഉത്തരം

ശ്രീ. കെ രാധാകൃഷ്ണൻ :

ശ്രീ. പി. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നയങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ചെറുകിട വ്യവസായ സംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന് താഴെപറയുന്ന ആനുകല്യങ്ങൾ നൽകി വരുന്നു.<br>1. കമ്പോള വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ.<br>2. ചെറുകിട, ഇടത്തരം വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| | | | 3. സംസ്ഥാന നിക്ഷേപ സബ്സിഡി നൽകൽ.<br>4. വനിതാ വ്യവസായ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ മാർജിൻ മണി ഗ്രാന്റ്, മാർക്കറ്റിംഗ് അസിസ്റ്റൻസ് പരിശീലനം എന്നിവ നൽകുന്നു,<br>5. ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ.<br>6. വ്യവസായ സംരംഭകർക്ക് സെമിനാറുകളും പരിശീലനവും നടത്തുക.<br>7. പ്രദർശന വിപണന മേളകളിലൂടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് സൗകര്യം ഒരുക്കുക.<br>8. വ്യവസായ സംരംഭകർക്ക് ആവശ്യമായ ഹാൻഡ് ഹോൾഡിംഗ് സർവ്വീസ് നടത്തുക.<br>9. ലഘു ചെറുകിട സംരംഭകരുടെ കാലതാമസം നേരിടുന്ന വിറ്റു വരവ് സംബന്ധിച്ച് തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>10. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി സംവിധാനം. |

| | | | |
|---|---|---|---|
| | | | 11. കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള പ്രത്യേക സാമ്പത്തിക സഹായങ്ങൾ.<br>12. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br>13. അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.<br>14. സാങ്കേതിക വിദ്യാ വികസന നിധി.<br>15. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.<br>16. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു.<br>17. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം.<br>18. കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്നതിലേക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| സി) | ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ വ്യവസായ പാർക്കിലെ ചെറുകിട വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ വ്യവസായ പാർക്കിലെ ചെറുകിട വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**